# വെള്ളാപ്പള്ളിയ്ക്കെന്തിനായിരുന്നു വയർലെസ്!

**എസ്**.എൻ.ഡി.പി. യോഗത്തിന്റെ സംസ്ഥാനതല ജനറൽ സെക്രട്ടറിയായ വെള്ളാപ്പിള്ളി നടേശന്റെ വസതിയിൽ ആദായ വകുപ്പ് അധികൃതർ നടത്തിയ തെരച്ചിലിൽ കണക്കിൽ പെടാത്ത പണവും സ്വർണവും മാത്രമല്ല സർക്കാരിന്റെ അനുമതി കൂടാതെ സ്ഥാപിച്ചിരുന്ന വയർലെസ് സെറ്റും പിടിച്ചെടുത്തു എന്നായിരുന്നല്ലോ ആദ്യ വാർത്ത.

പക്ഷെ, ആദായവകുപ്പ് അധികൃതർ നടത്തിയ തെരച്ചിലിനെക്കുറിച്ചും അവർ കണ്ടെത്തിയ അനധികൃത സമ്പാദ്യത്തെക്കുറിച്ചും നടേശൻ നടത്തിയ പ്രസ്താവനകളിലും പിന്നീടുവന്ന പത്രവാർത്തകളിലും നടേശന്റെ വസതിയിൽനിന്നും അനധികൃത വയർലസ് സെറ്റുകൾ പിടിച്ചെടുത്ത കാര്യം ഒഴിവാക്കിയതായി കാണുന്നു.

മുസ്ലീംലീഗിന്റെ ഒരു മുൻമന്ത്രി നടത്തിയ അഴിഞ്ഞാട്ടങ്ങളുടെ തെളിവുകൾ ശേഖരിച്ച് അതു പുറത്താക്കി നാറ്റിക്കുമെന്ന് ഭീഷണിപ്പെടുത്തി, മുസ്ലീം ലീഗ് ഇടതുപക്ഷത്തിനു നേരെ അനങ്ങുന്നതിനെപ്പോലും തടയുന്നതിൽ വിജയിച്ചവരാണ് കേരളത്തിലെ ഇപ്പോഴത്തെ ഭരണകൂടം. അത്തരമൊരു നാടകത്തിനുള്ള കരുക്കൾ ശേഖരിക്കാനാണ് നടേശന്റെ വീട്ടിൽ റെയ്ഡ് നടത്തിയതെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

കൊല്ലം എസ്.എൻ.കോളെജും അതുപോലുള്ള മറ്റു പ്രശ്നങ്ങളും എസ്.എൻ.ഡി.പി. പ്രസ്ഥാനത്തെ ഇടതുപക്ഷത്തിൽ നിന്നകറ്റുന്നതിന് പശ്ചാത്തലമൊരുക്കുകയും അത്തരമൊരു സാഹചര്യം മുതലെടുത്ത് എസ്.എൻ.ഡി.പിയുടെ പിന്തുണ നേടിയെടുക്കാൻ ബി.ജെ.പി. ചരടുവലികൾ നടത്തുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ എസ്.എൻ.ഡി.പി. നേതൃത്വത്തെ വരച്ച വരയിൽ നിർത്താൻ ഒരു തന്ത്രം ആവശ്യമായിരുന്നു ഭരണപക്ഷത്തിന്.

കള്ളുകച്ചവടം നടത്തി കാശുണ്ടാക്കുകയും ആ കാശിറക്കി 'ശ്രീനാരായണ ധർമ പരിപാലന' പ്രസ്ഥാനത്തെ തന്നെ റാഞ്ചിയെടുക്കുകയും ചെയ്ത വെള്ളാപ്പള്ളിയുടെ ഉദ്ദേശ്യം തന്റെ ഗൂഢപദ്ധതികൾക്ക് ഒരു സുരക്ഷാകവചം കണ്ടെത്തുകയായിരുന്നു.

ഒരു സാധാരണ കച്ചവടക്കാരന്റെ കാര്യങ്ങൾ ഭംഗിയായി നടത്താൻ ഫോണും മൊബൈൽ ഫോണും ഒക്കെതന്നെ ധാരാളമാണെന്നിരിക്കെ, ഭീകര പ്രവർത്തകരും ചാരന്മാരും മാഫിയാ സംഘടനകളും ഉപയോഗിക്കുന്ന തരത്തിലുള്ള വയർലെസ് സംവിധാനം വെള്ളാപ്പള്ളി എന്തിനു സ്വവസതിയിൽ സ്ഥാപിച്ചു എന്ന ചോദ്യത്തിനുത്തരം എല്ലാവരും അറിയേണ്ടതുണ്ട്, പ്രത്യേകിച്ചും ഇയാൾക്ക് എൽ.ടി.ടി.ഇ. പോലുള്ള സംഘടനകളുമായി രഹസ്യബന്ധമുണ്ടെന്നു സൂചനകൾ ചില പ്രസിദ്ധീകരണങ്ങളിൽ മുമ്പു തന്നെ അച്ചടിച്ചു വന്നിട്ടുള്ള സാഹചര്യത്തിൽ, നമുക്കത് അറിഞ്ഞേ തീരൂ.

വെള്ളാപ്പള്ളി നടേശൻ ആരുമായി ബന്ധപ്പെടാനാണ് വയർലസ് സെറ്റുകൾ ഉപയോഗിച്ചിരുന്നത്?

'നിങ്ങൾ ഞങ്ങൾ പറയുന്നിടത്തു നിന്നാൽ ഈ വയർലെസ് കാര്യം ഇനി മിണ്ടില്യാ' എന്ന മട്ടിൽ വെള്ളാപ്പിള്ളിയെ ഭീഷണിപ്പെടുത്തി ഒതുക്കി നിർത്താൻ ഉപയോഗിക്കാവുന്ന ഒരു പിച്ചാത്തി മാത്രമാണോ രാജ്യരക്ഷയുടെ പ്രശ്നങ്ങൾ കൂടി ഉൾക്കൊള്ളുന്ന ഇക്കാര്യം?